**THE MALANKARA ORTHODOX SYRIAN CHURCH**
**DIOCESE OF DELHI**
**2, Tughlakabad Instl. Area, New Delhi- 110 062**
**Ph: 29956417**

Diocesan Media

Fr. Shaji Mathews
Ph; 9818635513

Thomas Mathew
9810202133

Jojy Ninan
9911770519

# കുരുന്നുകളുടെ ഹൃദയം കീഴടക്കികൊണ്ട് കുട്ടികളുടെ സ്വന്തം ബാബാ തിരുമേനി

ഡൽഹി ഭദ്രാസന ഗ്രാമീൺ മിഷൻ പ്രൊജക്ടായ ശാന്തിഗ്രാം മിഷൻ പ്രൊജക്ടിലെ കുരുന്നുകളുടെ കൂടെ തൻെറ 71-ാം പിറന്നാളാഘോഷിച്ച ഡൽഹി ഭദ്രാസനാധിപൻ ജോബ് മാർ പീലക്സിനോസ് തൻെറ ചിന്തോദ്ദീപകവും ലളിതങ്ങളുമായ സംഭാഷണശൈലി കൊണ്ട് കുരുന്നുഹൃദയങ്ങളുടെ സ്നേഹപൂച്ചെണ്ടുകൾ ഏറ്റുവാങ്ങി. 1998-ൽ ഹരിയാനയിലെ മണ്ഡാവർ ഗ്രാമത്തിനോട് ചേർന്ന് ആരംഭിച്ച ശാന്തിഗ്രാം മിഷൻ പ്രൊജക്ടിൽ ശാന്തിഗ്രാം വിദ്യാനികേതൻ,ശാന്തിസദൻ ഹോസ്റ്റൽ,മെഡിക്കൽ സെൻറർ തുടങ്ങിയവ ഉൾപ്പെടുന്നു. തൻെറ പ്രത്യാശയും പ്രതീക്ഷയുമാണ് തിരുമേനി ഈ പ്രൊജക്ടിൽ കാണുന്നത്.

ഇന്നത്തെ കുരുന്നു തലമുറകളെ മതചിന്തകൾക്കതീതമായി നാളത്തെ നല്ല പൗരന്മാരായി വാർത്തെടുക്കുക എന്നതാണ് ഈ വിദ്യാലയത്തിൻെറ ലക്ഷ്യം. ഒരു ഹിന്ദു യഥാർത്ഥ ഹിന്ദുവായും ഒരു ഇസ്ലാം യഥാർത്ഥ ഇസ്ലാമായും ഒരു ക്രിസ്ത്യാനി യഥാർത്ഥ ക്രിസ്ത്യാനിയായും ജീവിക്കുമ്പോൾ മാത്രമാണ് സമൂഹത്തിൽ നന്മ സാധ്യമാകുന്നത്. കുട്ടികൾ പഠിച്ച് ഒരു ഡോക്ടറോ,എൻജിനിയറോ ആവുക എന്നതിലുപരി രാജ്യസ്നേഹമുള്ള ഒരു ഭാരതീയ പൗരനായി ജീവിക്കുക എന്നതാവണം നമ്മുടെ പ്രവർത്തനലക്ഷ്യം. ഈ ലക്ഷ്യം യാഥാർത്ഥ്യമാക്കാനാണ് ശാന്തിഗ്രാം പ്രൊജക്ട് ലക്ഷ്യമിടുന്നത്. ഈ വർഷത്തെ തൻെറ ജന്മദിനാഘോഷങ്ങളിൽ തനിക്ക് ലഭ്യമായതിൽ ഏറ്റവും വലിയ ഭാഗ്യവും പിറന്നാൽ സമ്മാനവുമാണ് ദൈവം നല്കിയ ഈ വിലപ്പെട്ട നിമിഷങ്ങളെന്ന് തിരുമേനി പറഞ്ഞു. ശാന്തിഗ്രാം മാനേജർ ഫാ. ലെനി ചാക്കോ,പ്രിൻസിപ്പൽ രാജൻ മാത്യൂ,അഡ്മിനിസ്ടേറ്റർ ശ്രീമതി സൂസൺ ജോൺ,ബ്രദർ ബിജോയി എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. സേവനമനസ്സോടെ പ്രവർത്തിക്കുന്ന അധ്യാപകരുടെ പ്രവർത്തനങ്ങളെ തിരുമേനി പ്രകീർത്തിച്ചു.